

ഫോട്ടോ : ഗിരീഷ്, മാതൃഭൂമി

# മുഖ്യമന്ത്രി, പ്ലാച്ചിമട പ്രശ്നം പരിഹരിക്കുമോ?

## ജനകീയജലാധികാരയാത്ര സമാപനദിനത്തിൽ മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച - ഒരു റിപ്പോർട്ട്

എൻ.പി. ജോൺസൺ

ജനകീയജലാധികാരയാത്രയുടെ സമാപനദിവസമായ ഏപ്രിൽ 4ന് വൈകീട്ട് 4 മണിക്ക് മുൻപായി മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽവെച്ചാണ് ആദ്യം കൂടിക്കാഴ്ച നിശ്ചയിക്കപ്പെട്ടത്.

വിളയോടി വേണുഗോപാൽ, പുതുശ്ശേരി ശ്രീനിവാസൻ, എല്ലക്കാട് മയിലമ്മ, ഷാജി ചേലക്കാട്ടിൽ, മുത്തുലക്ഷ്മി, സുലൈമാൻ, പപ്പമ്മാൾ, മുതലാംതോട് മണി, ഈ ലേഖകൻ എന്നിവർ കൂടി മുഖ്യമന്ത്രിയെ കാണുന്നതിനുള്ള നിവേദകസംഘത്തിലുണ്ടായിരുന്നു. സമരസമിതി തയ്യാറാക്കിയ നിവേദനം സമർപ്പിച്ചു. ലഘുലേഖയും രാഷ്ട്രീയ പാർട്ടികൾക്കു നൽകിയ തുറന്ന കത്തും വിളയോടി വേണുഗോപാൽ സമർപ്പിച്ചു. കൂടിക്കാഴ്ചയിലെ സംഭാഷണങ്ങൾ ഏതാണ്ടീ രൂപത്തിലായിരുന്നു.

വി.എസ്. : എന്താ പിന്നെ ? എന്താ ഇപ്പോ പ്രശ്നം?

നിവേദകസംഘം : കേസിപ്പോ സുപ്രീം കോടതിയിലാണല്ലോ. അവിടെ ആദിവാസികൾക്കൊക്കെ നഷ്ടപരിഹാരം കിട്ടണം. കോളക്കമ്പനിക്കെതിരെ നിയമനടപടിയൊന്നും ഇതുവരെ എടുത്തില്ല.

വി.എസ്. : അതിനിപ്പോ കമ്പനി പ്രവർത്തിക്കുന്നില്ലല്ലോ. കമ്പനി അടഞ്ഞുകിടക്കുകയല്ലേ?

നിവേദക... : ഞങ്ങളുടെ കുടിവെള്ളം ചീത്തയായി. വെള്ളം കുടിക്കാമ്പറ്റണില്ല.

നിവേദക... : മന്ത്രിസഭ വന്ന ഉടനെ ഞങ്ങൾ വന്ന് നിവേദനം തന്നിരുന്നു. ഒരു മാസത്തിനുള്ളിൽ ചർച്ചയ്ക്ക് വിളിക്കാമെന്നു പറഞ്ഞിരുന്നു. സമരസമിതിയുമായി ഇതുവരെ ചർച്ചയൊന്നും നടന്നിട്ടില്ല. കേസ് സുപ്രീം കോടതിയിലാണല്ലോ? കേസ് ജയിച്ചാൽ കോള വീണ്ടും വരും. പെപ്സി ഇപ്പോൾ പ്രവർത്തിക്കുകയാണ്.

വി.എസ്. : നോക്കട്ടെ. സർക്കാരിന് ചെയ്യാൻ പറ്റുന്നതെന്താണെന്ന് നോക്കാം. നിങ്ങള് നിങ്ങടെ സമരമായിട്ട് മുന്നോട്ട് പോ.

നിവേദക... : കൊക്കക്കോളയ്ക്കെതിരെ സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് നോക്കണം. ഇതുവരെ കാര്യമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഡിപ്പാർട്ടുമെന്റുകളുടെയും പ്രതിനിധികളുടെയും സമരസമിതികളുടെയും സംയുക്തയോഗം വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്യണം.

നിവേദക... : അവിടെ ഇപ്പോൾ കുടിവെള്ള വിതരണവും നിലച്ചിരിക്കുകയാണ്.

നിവേദക... : കോടതിയിലെ കേസിൽ സർക്കാർ കാര്യമായെന്തെങ്കിലും ചെയ്യണം. ഗവൺമെന്റ് വന്നപ്പോൾ ചില പ്രതീക്ഷകൾ ഉണ്ടായിരുന്നു. ജനങ്ങൾക്ക് നീതി കിട്ടാവുന്ന തീരുമാനങ്ങൾ വരണം. സമരം ഇന്നത്തെ രീതിയിൽ തുടർന്നാൽ പോരെന്നാണ് സമരസമിതിയുടെ തീരുമാനം.

വി.എസ്. : നോക്കട്ടെ.

നിവേദക... : മലിനീകരണ നിയന്ത്രണ ബോർഡ് ഇതുവരെ കോളയ്ക്കെതിരെ പരിസര മലിനീകരണത്തിന്റെ പേരിൽ കേസെടുത്തിട്ടില്ല. ഷോകോസ് നോട്ടീസ് കൊടുത്തിട്ടുള്ളത് കോളകമ്പനിയെ സഹായിക്കുന്ന തരത്തിലാണ്. കോള നിരോധിച്ചതുപോലെ വേണ്ടത്ര ആലോചിക്കാതെ നടപടികളെടുത്തിട്ട് കാര്യമില്ല.


വി.എസ്. : നോക്കട്ടെ. ഞാനിത് പരിശോധിച്ചിട്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാം.

നിവേദക... : സമരസമിതിയുമായി ചർച്ച നടത്തണം.

വി.എസ്. : ശരി. ശരി.

കൂടിക്കാഴ്ച അവസാനിപ്പിച്ച് നിവേദകസംഘം എഴുന്നേറ്റു. ആരും തൃപ്തരായിരുന്നില്ല.

വലിയൊരു പ്രചരണ പരിപാടിയുടെ സമാപനം കഴിഞ്ഞെത്തിയ തങ്ങളോട് വിശദമായി മുഖ്യമന്ത്രി കാര്യങ്ങൾ ആരായുമെന്ന പ്രതീക്ഷ ഓരോരുത്തരിലുമുണ്ടായിരുന്നു. സർക്കാരിന്റെ പൊതുസമീപനം ഇങ്ങനെയാണെങ്കിൽ കടുത്ത സമരം തന്നെ വേണ്ടിവരുമെന്ന് പലരും അഭിപ്രായം പ്രകടിപ്പിച്ചു. പുറത്തു കാത്തുനിന്നിരുന്നവരും വിവരമറിഞ്ഞപ്പോൾ വളരെ പ്രധാനപ്പെട്ടതും ഏറെ ചർച്ച ചെയ്യപ്പെട്ടതുമായ ഒരു സമരത്തിൽ സർക്കാരിന്റെ നിലപാട് ഇത്രമാത്രം ഉദാസീനമാകുന്നതിൽ അദ്ഭുതം പ്രകടിപ്പിച്ചു. നന്ദിഗ്രാമും സിംഗൂരും സൃഷ്ടിച്ച നാണക്കേടിന് പ്ലാച്ചിമടയിലെങ്കിലും പരിഹാരം ചെയ്യാൻ ശ്രമിക്കാമെന്ന നേർബുദ്ധി സർക്കാരിനെ നയിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉണ്ടാകുമെന്ന് അമിതപ്രതീക്ഷ വേണ്ടെന്നുതന്നെയാവണം മുഖ്യമന്ത്രിയെ കാണാൻ പോയവർക്കെല്ലാം തോന്നിയിട്ടുള്ളത്. എന്തു



കൊണ്ടാണ് മുഖ്യമന്ത്രി അഭിമുഖം തിടുക്കത്തിൽ അവസാനിപ്പിച്ചത്? ഒരുപക്ഷേ അദ്ദേഹത്തിന്റെ തിരക്കുകൾ മൂലമാകാം. സങ്കീർണമായ രാഷ്ട്രീയ പ്രശ്നങ്ങളുടെയും ഭരണ നടപടികളുടെയും ഏടാകൂടങ്ങൾക്കിടയിൽ ഇക്കാര്യത്തിൽ മാത്രമായി മനസ്സർപ്പിക്കാൻ കഴിയാത്ത വിധം നിസ്സഹായനായിരിക്കാം. അതുമല്ലെങ്കിൽ പ്രശ്നത്തോടുള്ള സ്വന്തം നിലപാടിനനുസൃതമായി എന്തെങ്കിലും നടപടികളെടുക്കാൻ മനസ്സിൽ ഉറപ്പിച്ചതിന്റെ പേരിൽ വിശദമായ ചർച്ച ആവശ്യമില്ലെന്ന് തീരുമാനിച്ചതുകൊണ്ടുമാകാം.

സ്വാശ്രയപ്രശ്നം, കോള നിരോധനം തുടങ്ങിയ പല കാര്യങ്ങളിലും വേണ്ടത്ര ഗൃഹപാഠം ചെയ്യാതെ എടുത്തു ചാടിയ രീതിതന്നെ തുടരുമെന്നതിന്റെ സൂചനയായിരുന്നോ ഈ അഭിമുഖം? അതുമല്ലെങ്കിൽ വൈദേശിയമൂലധനത്തോടുള്ള പുത്തൻ ഇടതുപക്ഷ അനുഭാവ വേലിയേറ്റത്തിനിടയിൽ കാര്യമായിട്ടൊന്നും ചെയ്യാനാവില്ലെന്ന് വി.എസ്. അച്ചുതാനന്ദന്റെ കീഴടങ്ങൽ നയത്തിന്റെ പ്രതിഫലനമാകാം. അങ്ങനെയെങ്കിൽ ഇനിയും പ്രശ്നബാധിതരായി തീരാനിടയുള്ള ലക്ഷക്കണക്കിനാളുകൾക്ക് മുമ്പിൽ യാതനാനിർഭരമായ പോരാട്ടങ്ങളുടെ ഒരു ഭാവി മാത്രം മതിയാകും. മറിച്ച് ഇടതുപക്ഷ രാഷ്ട്രീയം അതിന്റെ മൗലികമായ കരുത്ത് വീണ്ടെടുത്ത് സ്വന്തം ആദർശങ്ങളിലേക്ക് മടങ്ങിയെത്താൻ തീരുമാനിച്ചാൽ ആദിവാസികൾ അടക്കമുള്ള ജനങ്ങൾക്ക് കൂടുതൽ ക്ലേശങ്ങൾ നൽകാതെ പ്ലാച്ചിമട പ്രശ്നം അന്തസ്സായി പരിഹരിച്ചുവെന്ന് ശിരുസ്സുയർത്തി നിൽക്കാം.

*ഹരിത മൈത്രി, അങ്കമാലി*

## കാർട്ടൂൺ

**വി.എസ്. ഗിരീശൻ**

